# നീര പദ്ധതിയെ തർക്കം ബാധിക്കരുത്

സംസ്ഥാന ബജറ്റിൽ ധനമന്ത്രി കെ.എം. മാണി മുന്നോട്ടുവച്ച നീര പദ്ധതി സംബന്ധിച്ച സംശയങ്ങൾ നീക്കാൻ നിയമസഭാംഗങ്ങൾക്കായി നിയമസഭാ ഹാളിൽ കൃഷിവകുപ്പ് നടത്തിയ വിശദീകരണ ക്ലാസിലും തീരാത്ത സംശയങ്ങളിൽ പ്രധാനം എക്സൈസ് വകുപ്പും കൃഷിവകുപ്പും തമ്മിലുള്ള തർക്കമാണ്. നീര ചെത്തി മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കാൻ നാളികേര കർഷകർക്ക് അനുമതി നൽകാൻ നിലവിലെ സാഹചര്യത്തിൽ കൃഷിവകുപ്പിനാകില്ല. എക്സൈസ് വകുപ്പ് അനുവദിച്ചാലേ നീര ചെത്തി മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കാനാകൂ. ചെത്തുതൊഴിലാളികൾ സഹകരിച്ചാൽ നീര ചെത്താനുള്ള അനുമതി നൽകാൻ സർക്കാർ നയപരമായ തീരുമാനമെടുക്കുമെന്നാണ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറയുന്നത്. പക്ഷേ ചെത്തുതൊഴിലാളികളല്ല തർക്കത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളത് സർക്കാരിന്റെ രണ്ടു വകുപ്പുകളാണ്. ആദ്യം കൃഷിവകുപ്പിനെയും എക്സൈസ് വകുപ്പിനെയും യോജിപ്പിന്റെ മേഖലയിൽ കൊണ്ടുവരണം. പ്രശ്നം പഠിക്കാൻ എക്സൈസ് വകുപ്പിനു കീഴിൽ സമിതി രൂപീകരിച്ചിട്ടുണ്ടെന്ന ഏക ഘടകമാണ് ആശ്വാസത്തിന് അടിസ്ഥാനം. പക്ഷേ റിപ്പോർട്ട് സമർപ്പിക്കാൻ സമിതിക്കു കൃത്യമായ സമയപരിധി നിശ്ചയിച്ചിട്ടില്ല. കമ്മിറ്റി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പക്ഷേ സമിതിയുടെ പ്രായോഗികമായ വിശദാംശങ്ങൾക്കു രൂപം നൽകാൻ ആയിട്ടില്ല. പദ്ധതിയുടെ വിശദാംശങ്ങൾ തയാറാക്കിയ ശേഷം ചെത്തുതൊഴിലാളികളുടെ വിവിധ സംഘടനാ നേതാക്കളെ വിശ്വാസത്തിലെടുത്ത് പദ്ധതിക്ക് ഐകരൂപ്യം നൽകണം.

ഒരു തെങ്ങിൽ നിന്നു നീരയെടുത്താൽ പ്രതിവർഷം 1200 രൂപ ലാഭം കിട്ടുമെന്നാണ് കേരള കാർഷിക സർവകലാശാലയിലെ വിദഗ്ധർ പദ്ധതി നടത്തിപ്പു സംബന്ധിച്ച ക്ലാസിൽ പറഞ്ഞത്. തെങ്ങിൽ നിന്നു ചെത്തിയെടുക്കുന്ന ലഹരി ഇല്ലാത്ത പാനീയമായ നീര ബാക്ടീരിയ പ്രവർത്തനമില്ലാതെ സൂക്ഷിച്ചാൽ ഉത്തമമാണെന്നാണ് വിദഗ്ധ സമിതിയുടെ വിലയിരുത്തൽ. വൈറ്റമിൻ എ ഏറ്റവും കൂടുതലുള്ള പാനീയം എന്നതാണ് നീരയുടെ മേന്മ. കുടിച്ചാൽ ദാഹം ശമിക്കും. ദഹനശേഷി വർധിക്കും. പ്രമേഹരോഗികൾക്കു പോലും നിയന്ത്രിത അളവിൽ ഉപയോഗിക്കാമെന്നതാണ് ഇതിന്റെ സവിശേഷത.

സോഡിയം, പൊട്ടാസ്യം, കാൽസ്യം, ഇരുമ്പ് തുടങ്ങിയവയെല്ലാം അടങ്ങിയ നീര വിറ്റാൽ ചെത്തുകൂലിയും സംസ്കരണ കൂലിയും കഴിച്ചാൽ പ്രതിവർഷം 1200 രൂപ ലാഭം ലഭിക്കും. നീര വറ്റിച്ചെടുത്താൽ കിട്ടുന്ന തെങ്ങിൻ ചക്കരയ്ക്കും വിപണിയിൽ വിപുല സാധ്യതയുണ്ട്. മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നു കൊണ്ടുവരുന്ന നീര ഇപ്പോൾ തന്നെ കേരളത്തിലെ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ വിൽക്കുന്നുണ്ട്. കേരളത്തിൽ ചെത്തുന്ന കള്ളിന്റെ 90 ശതമാനവും പാലക്കാട്ടെ ചിറ്റൂരിൽ നിന്നുള്ളതാണ്. തെങ്ങുകൃഷി ഇന്ന് ഒട്ടും ആദായകരമല്ല. മണ്ഡരിയും കാറ്റുവീഴ്ചയും നാളികേരത്തിന്റെ വിലത്തകർച്ചയും തേങ്ങ ഇടാനുള്ളവരുടെ ദൗർലഭ്യവും കേരമേഖലയെ തളർത്തുന്നു. ഈ ഘട്ടത്തിൽ നീര ഉൽപാദനത്തിലൂടെ കേര കർഷകരെ ഈ മേഖലയിൽ നിലനിർത്താൻ കഴിയണം. തെങ്ങു ചെത്തി മൂല്യവർധിത ഉല്പന്നങ്ങൾ നിർമിക്കാനാകുമെങ്കിൽ തെങ്ങുകൃഷി വികസിപ്പിക്കാനാകും. നീര ചെത്തിയെടുക്കാൻ അബ്കാരി നിയമത്തിൽ ആവശ്യമായ ഭേദഗതി വേണ്ടിവരും. നീര പദ്ധതിയിലൂടെ പ്രതിവർഷം പത്തുലക്ഷം പേർക്ക് പ്രത്യക്ഷമായും ഒരുലക്ഷം പേർക്കു പരോക്ഷമായും തൊഴിൽ നൽകാനാകുമെന്നാണ് അനൗദ്യോഗികമായ കണക്കുകൾ സൂചിപ്പിക്കുന്നത്. ആയിരം ലിറ്റർ നീര ഉത്പാദിപ്പിക്കുന്ന മൂന്നു യൂണിറ്റുകൾ സംസ്ഥാനത്തിന്റെ മൂന്നു ഭാഗങ്ങളിൽ തുടങ്ങാനുള്ള നീക്കം സർക്കാർ ത്വരിതപ്പെടുത്തണം. ബജറ്റിൽ പ്രഖ്യാപിച്ച തൊഴിൽദാന പദ്ധതികളിൽ പ്രമുഖമായ നീര പദ്ധതി നടപ്പാക്കാനുള്ള ക്രിയാത്മക നടപടികളാണ് ഇനി തുടങ്ങേണ്ടത്.